# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2239 06.10.2016 -ലെ മറുപടിയ്ക്ക്

**സർക്കാർ/എയിഡഡ് കോളേജുകളിൽ ബിരുദ പഠനത്തിന് പ്രവേശനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. സ്വരാജ്<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ. വി. ജോയി<br>,, വി. അബ്ദുറഹിമാൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർക്കാർ/എയിഡഡ് കോളേജുകളിൽ ബിരുദ പഠനത്തിന് അനുവദിക്കപ്പെട്ട സീറ്റുകളിൽ മുഴുവൻ പ്രവേശനം നൽകാത്തത് പരിശോധിച്ചിട്ടുണ്ടോ; ഒഴിഞ്ഞുകിടക്കുന്ന അനുവദനീയ സീറ്റുകളിൽ പ്രവേശന നടപടികൾ അടിയന്തരമായി പൂർത്തികരിക്കുമോ? | (എ) | ഉണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർക്കാർ/ എയിഡഡ് കോളേജുകളിൽ ബിരുദ പഠനത്തിന് അഡ്മിഷൻ നൽകുന്നതിന് 30.09.2016 വരെ സമയം സർക്കാർ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടായിരുന്നു.<br><br>30.09.2016 ന് ശേഷം ഒഴിവു വന്ന സീറ്റുകളെകുറിച്ച് ബന്ധപ്പെട്ട കോളേജുകളിൽ നിന്നും കേരള സർവ്വകലാശാലയ്ക്ക് വിവരം ലഭിച്ചിട്ടില്ല.<br><br>ഒന്നാം സെമസ്റ്റർ പരീക്ഷ വിജ്ഞാപനം നടത്തിയ സാഹചര്യത്തിലും വിദ്യാർത്ഥികൾക്ക് മതിയായ അറ്റൻഡൻസ് ലഭിക്കുകയില്ല എന്നതിനാലും സർവ്വകലാശാല നിയമപ്രകാരമുള്ള ഏറ്റവും കുറഞ്ഞ അദ്ധ്യയന ദിവസങ്ങൾ ലഭിക്കുകയില്ല എന്നതിനാലും 30.09.2016 നോട്കൂടി ഒഴിവുകിടന്നിരുന്ന സീറ്റുകളിൽ പ്രവേശനം നടത്തുന്നതിനുള്ള എല്ലാവിധ ശ്രമങ്ങളും എം. ജി. സർവ്വകലാശാല നടത്തുകയും പ്രവേശന നടപടികൾ അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഒഴിഞ്ഞുകിടക്കുന്ന അനുവദനീയ സീറ്റുകളിൽ 30.09.2016 വരെയുള്ള ഒഴിവുകളിലേയ്ക്ക് |

| | | | |
|---|---|---|---|
| | | | പ്രവേശന നടപടികൾ കാലിക്കറ്റ് സർവ്വകലാശാല പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ബിരുദ പഠനത്തിന് അനുവദിക്കപ്പെട്ട മുഴുവൻ സീറ്റിലും **30.09.2016** വരെ കണ്ണൂർ സർവ്വകലാശാലയിൽ പ്രവേശനം നടത്താൻ സമയം അനുവദിച്ചിട്ടുണ്ട്.<br><br>കുസാറ്റിൽ സീറ്റ് ഒഴിവില്ല.<br><br>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ബിരുദ പഠനത്തിന് ജനറൽ വിഭാഗത്തിൽ സീറ്റുകളൊന്നും ഒഴിഞ്ഞ് കിടക്കുന്നില്ല.<br><br>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ ബിരുദ കോഴ്സുകൾ നിലവിലില്ല. |

**സെക്ഷൻ ഓഫീസർ**